LIBRARY ARCHIVES Kerala Legislative Assembly

അന്തർ സംസ്ഥാന സർവ്വീസുകൾ

69 [2106] ശ്രീ. കെ. കെ. ഷാജു :

,, എ. എൻ. രാജൻ ബാബു :

,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. തമിഴ്നാട്ടിലേക്ക് എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട് ;

(ബി) തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് തമിഴ്നാട് സർക്കാർ എത്ര സർവ്വീസുകൾ നടത്തുന്നുണ്ട്.;

(സി) പുതുതായി സംസ്ഥാനത്തു നിന്നും അന്തർ സംസ്ഥാന ബസ്സുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. തമിഴ്നാട്ടിലേക്ക് 593 സർവ്വീസുകൾ വിവിധ റൂട്ടുകളിലായി നടത്തുന്നുണ്ട്.

(ബി) തമിഴ്നാട് ട്രാൻസ്പോർട്ട് ബസ്സുകളും സ്വകാര്യ ബസ്സുകളും തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് 597 ട്രിപ്പുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി. പുതുതായി അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനായി തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുമായി പ്രാരംഭ ചർച്ചകൾ നടത്തുകയുണ്ടായി. എന്നാൽ അന്തിമ തീരുമാനം ആകാത്തതിനാൽ വിശദാംശങ്ങൽ നൽകാൻ കഴിയുന്നില്ല.

പുതിയ റൂട്ടുകളിൽ ബസ്സ് സർവ്വീസ്

70 [2107] ശ്രീ. സി. ടി. അഹമ്മദ് അലി:

,, കളത്തിൽ അബ്ദുള്ള:

,, പി. കെ. അബ്ദുറബ്ബ്:

,, ടി. പി. എം. സാഹിർ:

,, ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06-ൽ കെ. എസ്. ആർ. ടി. സി. പുതിയ റൂട്ടുകളിൽ സർവ്വീസ് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;